"ഭരണഭാഷ മാതൃഭാഷ"

നം. എഫ് -1944/18

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം
ആലുവ. തീയതി : 14.06.2018
aeoaluva1@gmail.com-0484-2629009Pincode-683101

പ്രേഷിതൻ
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ
ആലുവ.

സ്വീകർത്താവ്
പ്രധാനാദ്ധ്യാപകൻ
.........................

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം- പ്ളാൻ സ്കീം -കലകളിൽ ശോഭിക്കുന്ന നിർദ്ധനരായ കുട്ടികൾക്ക് നൽകുന്ന ധനസഹായ പദ്ധതി - 2018-19 ൽ നടപ്പിലാക്കുന്നതിനുവേണ്ടി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന:- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 31.05.2018 ലെ PL(3)/22240/17/DPI നം. കത്ത്

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കലകളിൽ ശോഭിക്കുന്ന വിദ്യാർത്ഥികളെ ഉദ്ദേശിച്ചാണ് സർക്കാർ ഈ പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. കുടുംബ വാർഷികവരുമാനം 75,000/- രൂപയിൽ താഴെയുള്ളവരും സബ്ജില്ലാ കലോൽസവത്തിൽ പങ്കെടുത്ത് ജില്ലാ തല കലോൽസവത്തിൽ മത്സരിക്കാൻ യോഗ്യത നേടുകയും ചെയ്ത കുട്ടികൾക്കാണ് എക്സൽ ഇൻ ആർട്സ് ധനസഹായം നൽകിവരുന്നത്. കഥകളി, ഓട്ടൻതുള്ളൽ, ഭരതനാട്യം, കുച്ചിപ്പുടി, മോഹിനിയാട്ടം, നാടോടിനൃത്തം എന്നീ ഇനങ്ങളിൽ പ്രതിഭ തെളിയിക്കുന്ന വിദ്യാർത്ഥികൾക്കാണ് ടി പദ്ധതി പ്രകാരം ആനുകൂല്യം നൽകിവരുന്നത്.

എന്നാൽ മുൻവർഷങ്ങളിൽ ലഭിക്കേണ്ട ആനുകൂല്യം കിട്ടുന്നില്ല എന്നുള്ള പരാതി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിനാൽ 2012-13 മുതൽ 2018-19 വരെ ഇനിനയും സാമ്പത്തിക ആനുകൂല്യം ലഭിക്കാനുള്ള ഏതെങ്കിലും വിദ്യാർത്ഥി താങ്കളുടെ സ്കൂളിൽ ഉണ്ടെങ്കിൽ ടി വിവരം ഇതോടൊപ്പമുള്ള പ്രഫോർമയിൽ പൂരിപ്പിച്ച്, വരുമാന സർട്ടിഫിക്കറ്റിന്റെ പകർപ്പും, കലോൽസവത്തിൽ പങ്കെടുത്ത സർട്ടിഫിക്കറ്റുകളുടെ കോപ്പിയും 20.06.2018 നുള്ളിൽ ഈ ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു വേണ്ടി

ഉള്ളടക്കം: പ്രഫോർമ

കെ/സി

പ്രഫോർമ

## കലകളിൽ ശോഭിക്കുന്ന നിർദ്ധനരായ കുട്ടികളുടെ ലിസ്റ്റ്

| ക്രമ നം. | അഡ്.നം. | കുട്ടികളുടെ പേര് | ക്ലാസ്സ്. ഡിവിഷൻ | സ്കൂളിന്റെ പേര്. സ്കൂൾ കോഡ് | കലോൽസവത്തിൽ പങ്കെടുത്ത ഇനം | വാർഷികവരുമാനം | ആൺ/പെൺ | ഗവ./എയ്ഡഡ് | സബ്ജില്ലയുടെ പേര് | മത്സരത്തിൽ പങ്കെടുത്ത വർഷം | കുട്ടിയുടെ ആധാർ നം. | ബാങ്ക് അക്കൗണ്ട് നം. | ഐ.എഫ്.എസ്. കോഡ് | അഭിപ്രായം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |

ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്
~~ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്കുവേണ്ടി~~